# GHSS MULLASSERY

DIGITAL MAGAZINE 2023-2024

## ആശംസകളോടെ...

വിദ്യാഭ്യാസം സമഗ്ര വളർച്ചയുടെ ഈറ്റില്ലമാണ്. ശാരീരികവും മാനസികവുമായ എല്ലാ ശേഷികളും പഠനത്തോടൊപ്പം ആർജ്ജിച്ചെടുക്കാൻ വിദ്യാഭ്യാസകാലത്ത് സാധിക്കുന്നു. സാങ്കേതികവിദ്യയുടെ ആകാശങ്ങളിലേക്ക് പറന്നുയരുന്ന പ്രതിഭകളുടെ സർഗ്ഗശേഷിയുടെ വിസ്മയ ലോകമാണ് ഈ ഡിജിറ്റൽ മാഗസിൻ. ഇനിയും ഒരുപാട് ഉയരങ്ങളിൽ ചേക്കേറാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

എച്ച് എം ടി വി ഹേമലത

ജി എച്ച് എസ് എസ്

# നഷ്ടപ്പെട്ട പൂക്കാലം

ഓർമ്മതൻ ചില്ലകൾക്കിത്
ഇലപൊഴിയും ശിശിരം...
പോയ പൂക്കാലത്തിൻ
നിറമുള്ള ഓർമ്മകൾ താഴെ
വീണടയുന്നു ചിതറുന്നു
ഓർമ്മ കണ്ണീരും വിരഹവും
ഹൃദയത്തിൽ കരകവിയുന്നു.
ബൊഗയും വില്ലയും മദിരാശി മരവും
ശലഭങ്ങൾ പറഞ്ഞ സ്വകാര്യവും
അന്യമാകുന്ന കിളികൊഞ്ചലുകളും
ഇനിയും വരുമോ ആ പൂക്കാലം...
ഇല്ലെന്നറിയാം... എങ്കിലും ഞാൻ
വെറുതെയൊന്നാശ്വസിച്ചോട്ടെ ...
കടലാസ് പൂക്കളെ... ശലഭങ്ങൾ
പാറിയ മഞ്ഞ മരമേ മറക്കുമോ
നിന്റെ തണലിൽ ഞങ്ങൾ വരച്ച
സൗഹൃദ ചിത്രങ്ങൾ...
ഓർക്കാൻ ഏറെയുണ്ടെങ്കിലും

മറക്കാൻ ഒന്നുമില്ലല്ലോ
ഇനിയുമൊരു ജന്മം ഉണ്ടെങ്കിൽ
ഞാൻ ഈ തണലിൽ വന്നോട്ടെ
വീണ്ടും... ഒരു വട്ടം കൂടി...

–ഷീല എ എസ്
സംസ്കൃതം അധ്യാപിക



# MOTHER EARTH

OH MY MOTHER
MY SWEET MOTHER!
WHAT HAPPEND TO YOU
YOU HAVE CHANGED A LOT NOW
ITS NOT THE SAME NOW
EVERYTHING WAS PERFECT THEN
AND EVERYTHING WAS GREEN THEN
NOW YOU LOST ALL YOUR BEAUTY
ITS NOT YOU
I CAN BARELY RECOGNISE YOU MOM
O MOTHER!
I WANT YOU, I NEED YOU
I WANT THE OLD YOU
THE BEAUTY OF THE WORLD
I WANT THE OLD BEAUTIFUL YOU
ITS NOT YOUR FAULT MOTHER
WE FAILED TO
PROTECT OUR 'MOTHER EARTH'.

-ATHULYA N A
9 A



# KERALA NATURE




THE GREEN  SPLENDOUR NATURE
O MY NATURE WHAT HAPPEN
THE CRUEL CREATURE DESTROYS YOU
WHERE IS THE TREE?
WHERE IS THE TREE?
YOU HAVE CHANGED ALOT
THE THOUGHT OF YOU HAS CHANGED
YOU HAVE MY MERCY
THE CRUEL CREATURES CURSY
ITS NOT YOUR FAULT
ITS OUR FAULT
OUR MOTHER NATURE WHAT HAPPEN
OUR KERALA HAS CHANGED
WHAT IS LEFT TO CHANGE NOW
THE GREEN SPLENDOUR KERALA NATURE
WHAT HAPPEN TO YOU
ITS AN ADVERSE START
JUST FORGIVE US OUR MOTHER NATURE.

– RESHMI P P
9 A





# പാവപ്പെട്ട ധനികർ



പണ്ട് ഒരു രാജ്യത്ത് ഒരു പാവപ്പെട്ട കുടുംബം ജീവിച്ചിരുന്നു.അച്ഛനും മക്കളും ഉള്ള ഒരു ചെറിയ കുടുംബമായിരുന്നു അത്. അച്ഛന് രണ്ടു പെൺകുട്ടികൾ ഉണ്ടായിരുന്നു മൂത്ത മകളായ ലീനയ്ക്ക് ആഡംബര ജീവിതത്തോടാണ് കൂടുതൽ പ്രിയം. തങ്ങളുടെ ദാരിദ്ര്യത്തിനെ ചൊല്ലി അവൾ തൻറെ അച്ഛനെ കുറ്റപ്പെടുത്തുമായിരുന്നു. എന്നാൽ ഇളയ മകളായ ഫിയോണ നല്ല കുട്ടിയായിരുന്നു. തന്റെ കുടുംബത്തിൻറെ അവസ്ഥ അവൾ മനസ്സിലാക്കിയിരുന്നു അതുപോലെ അവൾ അച്ഛനെ സഹായിച്ചിരുന്നു. എന്നാൽ മൂത്ത മകളായ ലീന അച്ഛനോട് എങ്ങനെയെങ്കിലും കൂടുതൽ പണം കൊണ്ടുവരാൻ ആവശ്യപ്പെടുമായിരുന്നു. ഇങ്ങനെ ഈ കുടുംബം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കെ ഒരു ദിവസം അച്ഛൻ ജോലി കാര്യത്തിനായി നഗരത്തിലേക്ക് പോകുന്നു. ആ രണ്ടു പെൺകുട്ടികൾ വീട്ടിൽ ഒറ്റയ്ക്കായി.അങ്ങനെയിരിക്കുമ്പോൾ ഇളയ മകളായ ഫിയോണ വെള്ളമെടുക്കാനായി തന്റെ വീടിൻറെ സമീപമുള്ള നദിയിലേക്ക് പോയി. അവിടെവെച്ച് ഒരു മുത്തശ്ശി ദാഹിച്ചു വന്നപ്പോൾ അവളോട് വെള്ളം ചോദിച്ചു. അവൾ ഒരു നല്ല മനസ്സിന് ഉടമ ആയതുകൊണ്ട് തന്നെ അവളുടെ കുടത്തിലുള്ള വെള്ളം ആ മുത്തശ്ശിക്ക് കുടിക്കാൻ പാകത്തിന് ഒഴിച്ചുകൊടുത്തു. വെള്ളം കുടിച്ചു കഴിഞ്ഞ

ശേഷം ആ മുത്തശ്ശി അവളോട് പറഞ്ഞു, നീ വളരെ നല്ലവളാണ് നിന്റെ നല്ല മനസ്സിനെ ഒരു പ്രത്യുപകാരമായി ഞാൻ നിനക്ക് ഒരു സമ്മാനം തരാമെന്ന് ആ മുത്തശ്ശി പറഞ്ഞു. ആ മുത്തശ്ശി ഒരു ദേവതയായിരുന്നു. ആ മുത്തശ്ശി അവളോട് പറഞ്ഞു നിൻറെ വിഷമം എനിക്കറിയാം. നിൻറെ കുടുംബം വളരെ ദാരിദ്ര്യത്തിൽ ആണെന്ന് അറിയാം. നീ തിരിച്ചു നിൻറെ വീട്ടിലേക്ക് പോകും. നിന്റെ വീട്ടിൽ ഒരു മാന്ത്രിക പാത്രം ഉണ്ടാകും. ആ പാത്രത്തിനോട് നീ പറയണം ഞങ്ങൾക്ക് ഭക്ഷണം ഉണ്ടാക്കാൻ, ആ പാത്രം അത് ചെയ്യും. അവൾ പറഞ്ഞപോലെ തൻറെ വീട്ടിൽ ഒരു പാത്രം ഉണ്ടായിരുന്നു. അതേപോലെതന്നെ ആ പാത്രം ഭക്ഷണം പാകം ചെയ്യുന്നു. ഇതൊക്കെ കണ്ടുകൊണ്ട് ലീന അവിടെ നിൽക്കുന്നുണ്ടായിരുന്നു. അങ്ങനെ അവൾ മധുരമായ ഭക്ഷണം കഴിച്ചു. അങ്ങനെ ഒരു ദിവസം ലീനക്ക് ഭക്ഷണം കഴിക്കണം എന്ന് തോന്നി അവളാ പാത്രത്തിനോട് ഭക്ഷണം പാകം ചെയ്യാൻ പറഞ്ഞു. ആ സമയം ഫിയോണ പുറത്തേക്ക് പോയിരിക്കുകയായിരുന്നു. ലീന ഭക്ഷണം കഴിച്ചു കഴിഞ്ഞിട്ടും ആ പാത്രം പാചകം ചെയ്യുന്നത് നിന്നില്ല അത് കുറേ ഭക്ഷണം ഉണ്ടാക്കി അപ്പോഴാണ് ഫിയോണ വീട്ടിലേക്ക് വന്നത്. അവൾ വീടിൻറെ അവസ്ഥ കണ്ട് വളരെ അത്ഭുതപ്പെട്ടു.സഹോദരിയെ സഹായിച്ചു. അവർ രണ്ടുപേരും വീട് മുഴുവനും വൃത്തിയാക്കി. അവർ ബാക്കിയായ ഭക്ഷണം വിൽക്കുകയും ആ പാത്രം വിൽക്കുകയും ചെയ്തു. അങ്ങനെ അവർ ധനികരായി. അച്ഛൻ തിരിച്ചു വന്നപ്പോൾ കാണുന്നത്

സന്തോഷവദിയായ ലീനയെ ആണ്. അവൾ കഠിന പ്രയത്നത്തിന്റെ വില മനസ്സിലാക്കി. അതോടെ അവളുടെ അഹങ്കാരവും അവസാനിച്ചു. അവർ ധനികർ ആണെങ്കിലും അതിൻറെ ഒരു അഹങ്കാരവും കാണിച്ചില്ല. ഈ സംഭവത്തോട് കൂടി ലീനയുടെ സ്വഭാവത്തിലും വളരെയധികം മാറ്റങ്ങളും സംഭവിച്ചു.


–ആവണി കെ പി




# സൂര്യൻ

സ്വർണ്ണത്തിൻ തട്ടമിട്ട്
മുത്തുപോലെ ചിരിച്ച്
സന്ധ്യതൻ സിന്ദൂരം ചാർത്തി
നിശയിലേക്ക് ചാഞ്ഞിറങ്ങുന്നു."

–ഭവ്യ.വി.എസ്
ജി എച്ച് എസ് എസ് മുല്ലശ്ശേരി



# മൂന്ന് പന്നികളും ചെന്നായയും...

ഒരു നാട്ടിൽ ഒരു അമ്മ പന്നിയും മൂന്ന് കുട്ടി പന്നികൾ താമസിച്ചിരുന്നു. ഒരുനാൾ ആ മൂന്നു പന്നികളെയും അവരുടെ അമ്മ കാട്ടിലേക്ക് പറഞ്ഞു വിട്ടു. അവരുടെ പക്വത തെളിയിക്കുന്നതിനു വേണ്ടിയാണ് അമ്മ അങ്ങനെ ചെയ്തത്. അവർ നടന്നു നടന്നു കാടിൻറെ മദ്യത്തിൽ എത്തി. അപ്പോഴേക്കും നേരം ഇരുട്ടിയിരുന്നു. അതുകൊണ്ട് അവർ ഒരു സ്ഥലത്ത് തങ്ങുവാൻ തീരുമാനിച്ചു. ആ കാട്ടിനുള്ളിൽ അവർ തീരെ സുരക്ഷിതരായിരുന്നില്ല. അതിനാൽ അവർ വീട് ഉണ്ടാക്കുവാൻ തുടങ്ങി. ആദ്യത്തെ പന്നി വൈക്കോൽ ഉപയോഗിച്ചാണ് വീട് നിർമ്മിക്കുന്നത്. കുറച്ചുനേരം കൊണ്ട് ആദ്യത്തെ പന്നിയുടെ വീട്



പണി കഴിഞ്ഞു. രണ്ടാമത്തെ പന്നി മരം കൊണ്ടാണ് വീട് ഉണ്ടാക്കാൻ തുടങ്ങിയത്. അതും കുറച്ച് അധികം നേരം കഴിഞ്ഞപ്പോൾ പൂർത്തിയായി. മൂന്നാമത്തെ പന്നിയുടെ വീട് പണി അപ്പോഴും കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. ആ പന്നി മണ്ണും കല്ലും ഉപയോഗിച്ചാണ് വീട് നിർമ്മിച്ചത്. അങ്ങനെ മൂന്ന് പന്നികളുടെയും വീട് പണിയും കഴിഞ്ഞു. അങ്ങനെ ഒരു ദിവസം ഒരു ചെന്നായ കാണുവാൻ ഇടയുണ്ടായി. ചെന്നായ ആദ്യത്തെ പന്നിയുടെ വീട്ടിൽ ചെന്ന് കതകിൽ മുട്ടി. അപ്പോൾ പന്നി ആകെ ഭയന്നു. അവനെ എന്ത് ചെയ്യണം എന്ന് അറിയില്ലായിരുന്നു. ചെന്നായ ഒരു ഊതൽ ഊദി അപ്പോൾ വൈക്കോൽ പറന്നുപോയി. അപ്പോൾ അവൻ രണ്ടാമത്തെ പന്നിയുടെ വീട്ടിലേക്ക് ഓടി. അവിടെ എത്തിയപ്പോൾ ആദ്യത്തെ പന്നി രണ്ടാമത്തെ പന്നിയോട് പറഞ്ഞു പുറത്ത് ചെന്നായ ഉണ്ടെന്ന്. രണ്ടുപേരും ഒളിച്ചിരുന്നു. ചെന്നായ വന്ന് കതകിൽ തട്ടി വീട് തുറന്നില്ല. ചെന്നായ ഒറ്റ തള്ളിൽ ആ വീട് നശിപ്പിച്ചു. അവ രണ്ടുപേരുംകൂടി മൂന്നാമത്തെ പന്നിയുടെ വീട്ടിൽ പോയി. കാര്യം പറഞ്ഞു മൂന്നാമത്തെ പന്നി പറഞ്ഞു നിങ്ങൾ പേടിക്കേണ്ട. ചെന്നായ അവിടെയും ചെന്നു. കുറേനേരം വീടിൻറെ കതകിൽ തട്ടി. പക്ഷേ കതക് തുറന്നില്ല. അപ്പോൾ ചെന്നൈക്ക് ദേഷ്യം വന്നു. ചെന്നായ ഒന്ന് തള്ളി പക്ഷേ വീടിനൊരു കുലുക്കവും ഉണ്ടായില്ല. അവസാനം ചെന്നായ തോൽവി സമ്മതിച്ചു പോയി. ഇതിലൂടെ ഒരു ഗുണപാഠം നമുക്ക് പറഞ്ഞു തരുന്നുണ്ട്. നമ്മൾ സമയം എടുത്തു ചെയ്യുമ്പോൾ അതിന് നല്ല ഫലം ഉണ്ടാവും, എന്നാൽ എളുപ്പ വഴി ചെയ്താൽ അതിന് ഫലം ഉണ്ടാവില്ല എന്ന് ഈ കഥ നമുക്ക് മനസ്സിലാക്കി തരുന്നു.

–ആര്യനന്ദ പി എസ്


9 A



# വിദ്യാഭ്യാസ മരം

ഗ്രന്ഥയോലകളിൽ ഒത്തി വരച്ചിരുന്ന
എഴുത്താണിയിന്നില്ല...
കാലം കടന്നു പോയതിൽ സ്ലേറ്റും പെൻസിലും
സംസാരിച്ചിരുന്നു.
പിന്നെയോ...
ശാസ്ത്രലക്ഷ്യത്തെ തൊട്ടുതുടങ്ങിയവർ പിന്നിട്
പുസ്തകമെന്ന കടലാസ് താളുകളും പേനയും
ഉപയോഗിച്ചു.
ഇന്നിതാ ഒരുപുറം തുറക്കുന്ന ലാപ്ടോപ്പുകളും
3ജിയും 4ജിയും 5ജിയും
വായുവിൽ എഴുതി കൂട്ടുവാനുള്ള പുതിയതലമുറകൾ
ഇന്നീ മുറ്റത്ത് ഓടിക്കളിക്കുന്നു.
അതായിരിക്കും ഇന്നുകളുടെ വിദ്യാഭ്യാസ മരം.

–Rejil K R
GHSS MULLASSERY



# यादें

बहुत याद आती है मुझे
मेरी मां की , मेरे बाप का
आती है मुझे बार बार
याद मेरे बचपन का भी
प्यार –दुलार का
ख़ुशी का , स्कूल के पहले दिन का
याद आती है
मेरी जवानी का
आशिक का
मस्ती का ,दोस्ती का
सारी यादें आज साथी है मेरे
ज़िंदा है ये सब यादो मे...
याद करती हूं मैं

–फरिता बानू आर ए

# മൊബൈൽ ഫോണും കുട്ടികളും

കേരളത്തിൽ അൻപതു ശതമാനത്തിൽ കൂടുതൽ കൗമാര പ്രായക്കാർക്ക് സ്വന്തമായി മൊബൈൽ ഫോൺ ഉണ്ടെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. കൂടാതെ ഇന്റർനെറ്റ് വേഗത കൂടിയതും ഇന്റർനെറ്റ് സൗജന്യമായി ലഭിക്കുന്നതും പഠനത്തിന് പുതിയ മൊബൈൽ അപ്ലിക്കേഷനുകൾ രംഗത്തെത്തിയതും ഇലക്ട്രോണിക് മാധ്യമങ്ങളുടെ വർദ്ധിച്ചുവരുന്ന ഉപയോഗത്തിന് കാരണമാണ്. കൂടാതെ മാതാപിതാക്കളുടെ അമിത മൊബൈൽ ഫോൺ ഉപയോഗവും കുട്ടികൾക്ക് മാതൃകയാകുന്നു. മൊബൈൽ ഫോണിന്റെ അമിത ഉപയോഗം ഇന്ന് സമൂഹത്തിൽ വിലക്കപ്പെട്ടിട്ടാല്ലാത്ത ലഹരിയാണ്. ഇന്നത്തെ കാലത്തെ കുട്ടികളിൽ കാണുന്നതും അടുത്ത തലമുറ നേരിടാൻ പോവുന്നതുമായ പ്രധാന പ്രശ്നമാണ് കുട്ടികളിലെ മൊബൈൽ ഫോണിന്റെ അമിത ഉപയോഗം. സ്കൂൾ കഴിഞ്ഞ് വരുന്ന കുട്ടികൾ



പോലും ആദ്യം ഓടിയെത്തുന്നത് മൊബൈൽ ഫോണിന്റെ അരികിലേക്കാണ്. ലോക്ഡൗൺ കാലത്ത് കുട്ടികൾ ഏറെയും നേരം ചെലവഴിച്ചത് മൊബൈൽ ഫോണിലായിരിക്കും. ഇനി ചെറിയ കുഞ്ഞുങ്ങളുടെ കാര്യമെടുത്താലോ അവർക്ക് ഭക്ഷണം നൽകാനും അവരെ ഉറക്കാനും മാതാപിതാക്കൾ ആശ്രയിക്കുന്നത് ഇതേ മൊബൈൽ ഫോണിനെ തന്നെ. എന്നാൽ ഇതിന്റെ പരിധിയെ കുറിച്ച് ആരെങ്കിലും ചിന്തിക്കാറുണ്ടോ. ഇതിനും വേണം അൽപം നിയന്ത്രണം. നമ്മുടെ ശരീരത്തിലെ ഊർജവും ഉൻമേഷവും നിലനിർത്തുന്നത് തലച്ചോറിൽ നിന്നും പുറപ്പെടുവിക്കുന്ന

ഡോപോമിൻ എന്ന ന്യൂറോ ട്രാൻസ്മിറ്റർ ആണ്. നമുക്കിഷ്ടമുള്ള കാര്യങ്ങൾ ചെയ്യുമ്പോൾ ഈ ഡോപോമിൻ റിലീസ് ആവുന്നു. ഉദാഹരണത്തിന്, ലഹരി വസ്തുക്കളുടെ ഉപയോഗം, അശ്ലീല വീഡിയോകൾ കാണുന്നത്, ഇഷ്ടപ്പെട്ട വീഡിയോ ഗെയിമുകളുടെ ഉപയോഗം തുടങ്ങിയവ ശരീരത്തിലെ ഡോപോമിൻ പെട്ടന്ന് തന്നെ റിലീസ് ചെയ്യാൻ കാരണമാവുന്നു.ഇലക്ട്രോണിക് മാധ്യമങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത് കൊണ്ട് കുട്ടികളിൽ ഉണ്ടാകുന്നപ്രശ്നങ്ങൾ

•ഉറക്കക്കുറവ്
•ബന്ധുക്കളിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും അകലാൻശ്രമിക്കുക
•ഭക്ഷണത്തിനോടുവിരക്തി
• മറ്റു ശാരീരിക പ്രശ്നങ്ങൾ (ശരീരവേദന, തലവേദന, കണ്ണുവേദന)
• പഠന പ്രശ്നങ്ങൾ (പഠനത്തിൽ ശ്രദ്ധാക്കുറവ്, ഓർമ്മക്കുറവ് )
• പെരുമാറ്റ പ്രശ്നങ്ങൾ

സാമൂഹ്യ മാധ്യമങ്ങളുടെ ഉപയോഗം ചില നിർദ്ദേശങ്ങൾ

കുട്ടിയുടെ ജീവിതത്തിലെ ചുറ്റുപാടുകളെ നിയന്ത്രിക്കുന്നത് പോലെ തന്നെ ഈ 21ആം നൂറ്റാണ്ടിൽ കുട്ടികൾ ഉപയോഗിക്കുന്ന സ്ക്രീനുകൾക്കും നിയന്ത്രണങ്ങൾ

ആവശ്യമാണ്. അഞ്ചു മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളുടെ ഇലക്ട്രോണിക് മാധ്യമങ്ങളുടെ ഉപയോഗത്തിന് ചില പരിധികൾ വയ്ക്കണം എന്നാണ് ലോകാരോഗ്യ സംഘടന നിർദ്ദേശിക്കുന്നത്. ഇതിനായി ശിശുരോഗ വിദഗ്ധർ, അധ്യാപകർ, സ്കൂൾ

കൗൺസിലർമാർ മാതാപിതാക്കൾ എന്നിവർക്ക് കാര്യമായ പ്രവർത്തനങ്ങൾ നടത്താൻ കഴിയും.

–നൈസി വി എ
സ്കൂൾ കൗൺസിലർ



# THE END